**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2505** **04-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ രംഗത്ത് വന്ന മുന്നേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ രംഗത്ത് ഏതെല്ലാം തരത്തിലുള്ള മുന്നേറ്റമാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർ പ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിന് സഹായിക്കുന്നതിനായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഏപ്രിൽ 1, 2022 മുതൽ 2025 ഫെബ്രുവരി 26, വരെയുള്ള കാലയളവിൽ 3,45,874 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 22192.75 കോടി രൂപയുടെ നിക്ഷേപവും 7,33,758 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി ഇതുവരെ 292 സംരംഭങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ രംഗത്തെ പരിപോഷിപ്പിക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## 1. ബഹുനില വ്യവസായ സമുച്ചയം പദ്ധതി

കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശത്തിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആലപ്പുഴ പുന്നപ്രയിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ വില്ലേജിൽ പുഴക്കൽ പാടത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിൽ ഉള്ള 141 ഏക്കർ ഭൂമിയിൽ രണ്ട് ഘട്ടങ്ങളിലായി ഏകദേശം 261530 ചതുരശ്ര അടിയിലുള്ള വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഷൊർണൂരിൽ ഒരു ബഹുനില സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ( 3 എണ്ണം),

കൊല്ലം (2 എണ്ണം), തൃശ്ശൂർ (2 എണ്ണം), കോഴിക്കോട് (1 എണ്ണം), കാസർഗോഡ് (1 എണ്ണം) എന്നീ 5 ജില്ലകളിലായി 9 ബഹുനില സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**2. സ്വകാര്യവ്യവസായ എസ്റ്റേറ്റ് പദ്ധതി.**

കുറഞ്ഞത് പത്ത് ഏക്കർ സ്ഥലമുള്ള Entity (i.e Companies, Co.operatives, charitable societies, partnerships, consortium of MSMEs), Family എന്നിവർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റിനും കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലമുള്ളവർക്ക് Standard Design Factory (SDF) സ്ഥാപിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്. SDF സ്ഥാപിക്കുന്നതിന് Entity, Family ക്ക് പുറമെ വ്യക്തികൾക്കും കൂടി അപേക്ഷിക്കാവുന്നതാണ്. സ്വന്തമായി സ്ഥലം ഉള്ളവർക്കും, 30 വർഷമോ അതിൽ അധികമോ കാലാവധിയുള്ള ലീസിനെടുത്ത ഭൂമി ഉള്ളവർക്കും ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്. ഇതുവരെ 31 സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയിൻ കീഴിൽ ഡവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

**3. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്**

സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.

ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി വെബ് പോർട്ടൽ മുഖേന 24 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ഡവലപ്പ്മെന്റ് ഏരിയ/ ഡെവലപ്പ്മെന്റ് പ്ലോട്ടിലെ ലാൻഡ് അലോട്ട്മെന്റ് കൈമാറ്റം ചെയ്യൽ, പട്ടയം നൽകൽ എന്നിവ സുഗമമാക്കുന്നതിലേയ്ക്കായി 2023 -ൽ പുതിയ ചട്ടം നിലവിൽ വന്നു.

വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളുടെ അലോട്ട്മെന്റ് സുഗമമാക്കുന്നതിലേയ്ക്കായി 2023-ൽ പുതിയ ചട്ടം നിലവിൽ വന്നു.

**4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

ഉത്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്കു പലിശ ഇളവ് നല്കുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നല്കുന്നു.

**5. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**

ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നല്കുക, പ്രാരംഭഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% പരമാവധി 10 ലക്ഷം രൂപ ഒരു യൂണിറ്റിന് സബ്സിഡിയായി നല്കുന്നു.

**6. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)**

2023-24 സാമ്പത്തിക വർഷം 31/3/2023 വരെ നിലവിലുണ്ടായിരുന്ന, 'തകർച്ച നേരിടുന്ന എം.എസ്.എം.ഇ. കളുടെ പുനരധിവാസവും പുനരുജ്ജീവനവും', 'പ്രവർത്തനരഹിതമായ യൂണിറ്റുകൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും' എന്നീ രണ്ടു പദ്ധതികൾ സംയോജിപ്പിച്ച് 'തകർച്ച നേരിടുന്ന (Stressed) എം.എസ്.എം.ഇ കൾ, പ്രവർത്തന രഹിതമായ എം.എസ്.എം.ഇ കൾ/ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള

പദ്ധതി' എന്ന പേരിൽ പുതിയ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
ഒരു വ്യവസായികാന്തരീക്ഷം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ തെരഞ്ഞെടുത്ത 22 മുൻഗണനാ മേഖലകളിലെ വ്യവസായങ്ങളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകികൊണ്ട് 18 ഇൻസെന്റീവ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു.

**7. Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.**

കേരളത്തിലെ ചെറുകിട (Investment less than 10 crore and turnover up to 50 crore) ഇടത്തരം (Investment between 10 and 20 crore and turn over 100 crore) കാഷ്യ ഫാക്ടറിയുടെ നവീനവത്കരണത്തിന് മൂലധന ഗ്രാന്റും സബ്സിഡിയും അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

**8. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേല്പ് പദ്ധതി**

**9. കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ)**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു.

**10. Incentives to Workers in Bamboo Sector and Support for Harvesting and Processing**

കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷന്റെ കീഴിൽ ജോലി ചെയ്യുന്ന ഈറ്റ വെട്ടുകാരും പായ നെയ്ത്തുകാരും അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവരുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിക്കുന്ന പദ്ധതിയാണ് മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ വിളവെടുപ്പും സംസ്കരണവും എന്ന പദ്ധതി.

**കിൻഫ്രയുടെ നേട്ടങ്ങൾ**

ഈ സർക്കാരിന്റെ കാലയളവിൽ കിൻഫ്രയിൽ 443 യൂണിറ്റുകൾക്കായി 322.6 ഏക്കർ ഭൂമിയും 6.9 ലക്ഷം ച.അടി ബഹുനില കെട്ടിടസമുച്ചയവും ആണ് അലോട്ട്മെന്റ് നടത്തിയത്. ഇതുമുഖേന 28,649 ഓളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും 2907.26 ഓളം കോടി രൂപയുടെ സ്വകാര്യ നിക്ഷേപങ്ങൾ കേരളത്തിൽ എത്തിക്കുവാനും കഴിഞ്ഞു.
പ്രമുഖ കമ്പനികളുടെ വ്യവസായ നിക്ഷേപം: ഈ കാലയളവിൽ പ്രമുഖ സ്ഥാപനങ്ങൾ ആയ ടി.സി.എസ്, ടാറ്റ എലക്സി, വി-ഗാർഡ്, അഗാപ്പെ ഡയഗ്നോസ്റ്റിക്സ്, ഹൈകോൺ, വിൻ-വിഷ് ടെക്നോളജിസ്, ട്രാൻസ് ഏഷ്യൻ ഷിപ്പിംഗ് കമ്പനി, ജോളി കോട്സ്, ഡി -സ്പേസ്, ജെൻറോബോട്ടിക്സ് എന്നിവർക്ക് അലോട്മെന്റ് കൊടുക്കാൻ സാധിച്ചു.
മലപ്പുറം, കാക്കഞ്ചേരി, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ 1 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയിൽ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (നിയോസ്പേസ് II) പൂർത്തിയായി, ഐ.ടി/ഐ.ടി.ഇ.എസ് വ്യവസായങ്ങൾക്കായി പൂർണ്ണമായും അനുവദിച്ചിരിക്കുന്നു.
കിൻഫ്ര ഫിലിം & വീഡിയോ പാർക്കിലെ SEZ-ൽ ഏകദേശം രണ്ട് ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയയിൽ ഒമ്പത് നിലകളിലായി ഒരു അത്യാധുനിക ഐ.ടി കെട്ടിടം (ഘട്ടം -1) പൂർത്തീകരിച്ചു. പ്രമുഖ MNC കമ്പനിയായ ടാറ്റ എലക്സിക്ക് കെട്ടിടം പൂർണമായും അനുവദിച്ചു. ഈ പ്രോജക്റ്റ് സൃഷ്ടിച്ച താൽപ്പര്യത്തെത്തുടർന്ന്, കഴക്കൂട്ടത്തെ കിൻഫ്ര ഫിലിം & വീഡിയോ പാർക്കിൽ SDF ഘട്ടം-II എന്നറിയപ്പെടുന്ന സമാനമായ ഒരു കെട്ടിടത്തിന്റെ നിർമ്മാണം കിൻഫ്ര ആരംഭിച്ചു. 2023 മെയ് 17 ന് നടന്ന ചടങ്ങിൽ SDF ഘട്ടം -II ന് തറക്കല്ലിട്ടു, ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. 2500 പേർക്ക് നേരിട്ടും 1500 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 600 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു.

കിൻഫ്ര സ്പൈസസ് പാർക്ക് ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി, 2023 ഒക്ടോബർ 14-ന് പാർക്ക് ഉദ്ഘാടനം ചെയ്തു. 80% ഭൂമിയും അനുവദിച്ചു കഴിഞ്ഞു.

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി: കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി ഭൂമി ഏറ്റെടുക്കൽ: വ്യവസായവൽക്കരണവും വ്യാവസായിക വികസനവും കൈവരിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റിന്റെ പ്രത്യേക പദ്ധതിയാണിത്. സംസ്ഥാനത്ത് പദ്ധതി നടപ്പാക്കാൻ കിൻഫ്രയ്ക്ക് അധികാരമുണ്ട്. പുതുശ്ശേരി സെൻട്രൽ - പാലക്കാട് നോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 2025-26 ൽ ആരംഭിക്കും. 10,000 കോടി രൂപയുടെ നിക്ഷേപവും ഏകദേശം 22,000 നേരിട്ടും 80,000 പരോക്ഷ തൊഴിലവസരങ്ങളും പാലക്കാട് നോഡിൽ പ്രതീക്ഷിക്കുന്നു.
വെള്ളം, വൈദ്യുതി, ഡ്രെയിനേജ് തുടങ്ങിയ അവശ്യ അടിസ്ഥാന സൗകര്യങ്ങളോടെ 128 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന മട്ടന്നൂർ ഇൻഡസ്ട്രിയൽ പാർക്ക്, 48,686.18 ചതുരശ്ര അടി വിസ്തീർണമുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) കെട്ടിടം 2024 ഒക്ടോബർ 1-ന് ഉദ്ഘാടനം ചെയ്തു.

ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ (ഐഇസിസി): സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചുകൊണ്ട് കൊച്ചിയിലെ കാക്കനാട്ടുള്ള എക്സിബിഷൻ സെന്റർ 2024 ഫെബ്രുവരി 4-ന് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. കൺവൻഷൻ സെന്ററിന്റെ നിർമാണം 2025 ജനുവരി 18-ന് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു.

ഗ്രാഫീൻ സൗഹൃദ ആവാസവ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ഒരു ഗ്രാഫീൻ നയം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഗ്രാഫീൻ പാർക്ക് പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (ജിപിപിഎഫ്) സ്ഥാപിക്കുന്നതിനുള്ള നിർവഹണ ഏജൻസിയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള. കിൻഫ്ര ഒറ്റപ്പാലത്തെ കിൻഫ്ര ഡിഫൻസ് പാർക്കിൽ 55,088 ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയ അനുവദിക്കുകയും 10 ഏക്കർ സ്ഥലം നീക്കിവയ്ക്കുകയും ചെയ്തു. കിൻഫ്രയും ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു.

## അവാർഡുകളും അംഗീകാരങ്ങളും

ഇന്ത്യാ ഗവൺമെന്റിന്റെ വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ വ്യവസായ, ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പ് അവതരിപ്പിച്ച ഇൻഡസ്ട്രിയൽ പാർക്ക് റേറ്റിംഗ് സിസ്റ്റം (IPRS 2.0) കിൻഫ്രയുടെ അഞ്ച് പാർക്കുകൾ മികച്ച 15 പാർക്കുകളിൽ (മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നത്) ഇടം നേടിയിട്ടുണ്ട്.

ഇന്ത്യയിലെ വ്യവസായ പാർക്കുകളിലെ ശുചിത്വവും മാലിന്യ സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി FICCI സംഘടിപ്പിച്ച സ്വച്ച് ഇൻഡസ്ട്രി പാർക്ക് അവാർഡിൽ കിൻഫ്രയുടെ പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കും കളമശ്ശേരി ഹൈടെക് പാർക്കും പരിസ്ഥിതി സുസ്ഥിരതക്കും, ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിലും ജേതാക്കളായി.

സെക്ഷൻ ഓഫീസർ